**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2665** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ നാളിതുവരെ വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾ പ്രകാരം നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | 2021 മുതൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സബ്സിഡി പദ്ധതികളായ സംരംഭക സഹായ പദ്ധതി പ്രകാരം 5 സംരംഭകർക്കും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതിയിലൂടെ 31 പേർക്കും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 53 പേർക്കും നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി പദ്ധതിയിലൂടെ 10 പേർക്കും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 15 പേർക്കും സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 8 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കും സംരംഭകരാകാൻ താത്പര്യമുള്ളവർക്കുമായി താഴെപ്പറയുന്ന ബോധവത്കരണ പരിപാടികളും സംരംഭക യോഗങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>1).ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്<br><br>2).ലോൺ - ലൈസൻസ് മേള<br><br>3). സംരംഭകത്വ ബോധവത്കരണ പരിപാടി<br><br>4). താലൂക്ക് തല നിക്ഷേപക സംഗമം<br><br>5).ബ്ലോക്ക് തല ബാങ്കേഴ്സ് യോഗം<br><br>6).സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്<br><br>7).സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ഫെസിലിറ്റേഷൻ കാമ്പയിൻ<br><br>8).സംരംഭക സഭ |

| | | | |
|---|---|---|---|
| | | | 9).സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതിയുടെ ബോധവത്കരണ പരിപാടി. |

സെക്ഷൻ ഓഫീസർ